LIBRARY ARCHIVES Kerala Legislative Assembly

ധാന്യ-നാണ്യ വിളകളുടെ ഉല്പാദനം

118 [2017] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001 മുതൽ വർഷം പ്രതി എത്ര ക്വിന്റൽ നാണ്യവിളകളും ധാന്യവിളകളും ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് 1996 മുതൽ 2000 വരെ വർഷംപ്രതി എത്ര ക്വിന്റൽ നാണ്യവിളകളും ധാന്യവിളകളും ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് 2000 ജനുവരി മാസത്തിൽ നാണ്യവിളകൾക്കും ധാന്യവിളകൾക്കും കിലോഗ്രാമിന് നിലവിലുണ്ടായിരുന്ന പ്രൈസ് ലിസ്റ്റും 2005 ജനുവരിമാസത്തിൽ പ്രസ്തുത വിളവുകൾക്ക് നിലവിലുള്ള പ്രൈസ് ലിസ്റ്റും ലഭ്യമാക്കാമോ?

ഉത്തരം

(എ) മറുപടി അനുബന്ധം I ആയി ചേർത്തിട്ടുണ്ട് †

(ബി) മറുപടി അനുബന്ധം II ആയി ചേർത്തിട്ടുണ്ട് †

(സി) മറുപടി അനുബന്ധം III ആയി ചേർത്തിട്ടുണ്ട് †

എൻഡോസൾഫാൻ പകരം കീടനാശിനി

119 [2018] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാനുപകരം ഇപ്പോൾ ഏത് തരം കീടനാശിനിയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കീടനാശിനിയുടെ ഉപയോഗംമൂലം കാസറഗോഡ് ജില്ലയിൽ എത്രപേർ മാരകമായ അസുഖത്തിന് വിധേയരായിട്ടുണ്ട് എന്ന കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാനു പകരം യാതൊരു കീടനാശിനികളും ഉപയോഗിക്കുന്നില്ല.

(ബി) കാസർഗോഡു ജില്ലയിൽ മുളിയാർ പ്രദേശത്ത് ജനങ്ങളിൽ മാരകമായ അസുഖങ്ങൾ കണ്ടുവരുന്നുണ്ട്. എന്നാൽ ടി സ്ഥിതിവിശേഷത്തിന് കാരണം എൻഡോസൾഫാനാണെന്ന് സംശയാതീതമായി നാളിതുവരെ സ്ഥിരീകരിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.